## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1698 06/03/2017-ൽ മറുപടിക്ക്

### ഹജ്ജ് തീർത്ഥാടനം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(ബഹു.തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ ഇത്തവണ ആകെ എത്ര പേർക്ക് യാത്രക്ക് അവസരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; | എ) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന ക്വാട്ട ഇതുവരെ നിർണ്ണയിച്ച് കിട്ടിയിട്ടില്ല. എഴുപതു വയസ്സു പൂർത്തിയായ (റിസർവ്വ് കാറ്റഗറിയിൽ പെട്ട) മുഴുവൻ പേർക്കും , അഞ്ചാം വർഷക്കാർക്കും അവസരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങിനെയെങ്കിൽ ഏകദേശം പതിനായിരത്തി എണ്ണൂറോളം ഹാജിമാർക്ക് അവസരം ലഭിക്കുമെന്നാണ് പ്രതീക്ഷ. |
| ബി) പുന:സ്ഥാപിക്കപ്പെട്ട ഹജ്ജ് ക്വാട്ടയിൽ നിന്നും എത്ര വിഹിതം സംസ്ഥാനത്തിന് ലഭിയ്ക്കാനിടയുണ്ട്; | ബി) പുനസ്ഥാപിക്കപ്പെട്ട ക്വാട്ടയിൽ നിന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി കേരളത്തിന് അനുവദിക്കുന്ന ക്വാട്ട സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| സി) സംസ്ഥാനത്തെ മുഴുവൻ അഞ്ചാം വർഷ അപേക്ഷകരായ തീർത്ഥാടകർക്കും യാത്രക്ക് അവസരം ലഭിക്കാൻ സാധ്യതയുണ്ടാകുമോയെന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; | സി) കഴിഞ്ഞ തവണ അഞ്ചാം വർഷം പൂർത്തിയാക്കിയ എല്ലാ അപേക്ഷകർക്കും ഹജ്ജിനു പോകുവാൻ അവസരം ലഭിച്ചിരുന്നു. ഇപ്രാവശ്യവും മുഴുവൻ അഞ്ചാം വർഷക്കാരെയും പരിഗണിക്കണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) കേരളത്തിലെ തീർത്ഥാടകരുടെ സൗകര്യം വിലയിരുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) ഹജ്ജ് അപേക്ഷ വിതരണം മുതൽ സ്വീകരിച്ച് കവർ നമ്പർ കൊടുക്കുന്നതു വരെയുള്ള നടപടി ക്രമങ്ങളാണ് ഇതു വരെ ചെയ്തിട്ടുള്ളത്. അപേക്ഷ സ്വീകരിക്കുന്നതിന് വിപുലമായ സൗകര്യങ്ങളാണ് ഹജ്ജ് ഹൗസിൽ ഏർപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകർക്ക് കാറ്റഗറിക്കനുസരിച്ച് വിവിധ(ഓൺലൈൻ, ഓഫ് ലൈൻ) |

കൗണ്ടറുകളിലായിട്ടാണ് സൗകര്യം ഏർപ്പെടുത്തിയത്. ടോക്കൺ കൗണ്ട റിനടുത്ത് വിശദമായ മാർഗ നിർദ്ദേശ ങ്ങൾ എഴുതി പ്രദർശിപ്പിച്ചിരുന്നു. കുടിവെള്ളം, നമസ്ക്കാര സൗകര്യം എന്നിവ ഏർപ്പെടുത്തിയിരുന്നു.

ഹജ്ജ് ഹൗസിൽ നേരിട്ടു വന്ന മുഴുവൻ ഓൺലൈൻ അപേക്ഷ കർക്കും അപ്പോൾ തന്നെ കവർ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹാജിമാരുടെ മുൻ വർഷങ്ങളിലെ കവർ നമ്പർ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരുന്നു. അക്ക്നോളജ്മെന്റ് രസീത് പോസ്റ്റ ലായും, എസ്.എം.എസ്സായും അയച്ചു കൊണ്ടിരിക്കുകയാണ്. എംബാർക്കേ ഷനുമായി ബന്ധപ്പെട്ട മറ്റു സൗകര്യ ങ്ങൾ ആവശ്യാനുസരണം ഒരുക്കുന്ന താണ്.

സെക്ഷൻ ഓഫീസർ